ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 2-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.മൂന്ന് ദിവസത്തെ സന്ദർശനത്തിന് എത്തിയ ജപ്പാൻ പ്രധാനമന്ത്രിക്ക് ന്യൂഡൽഹിയിൽ ഊഷ്മള സ്വീകരണം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി.

**The Japan Prime Minister received a warm welcome in New Delhi. She held talks with Prime Minister Narendra Modi.**

2. ഭീകരവാദം പൂർണമായി ഇല്ലാതാക്കാൻ ഐക്യരാഷ്ട്രസഭ ആഗോളതലത്തിൽ നടപടി സ്വീകരിക്കണമെന്ന് ഇന്ത്യ.

**India has called on the United Nations to take global action to completely eradicate terrorism.**

3. 2025-26 സാമ്പത്തിക വർഷത്തെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് നിക്ഷേപങ്ങളുടെ പലിശ നിരക്ക് 8.25 ശതമാനമാക്കി ഇപിഎഫ്ഒ.

**EPFO notifies 8.25 percent interest rate on EPF deposits for financial year 2025-26.**

4. അമർനാഥ് തീർത്ഥാടനത്തിന് തുടക്കമായി; 4,822 തീർത്ഥാടകരുടെ ആദ്യ സംഘം യാത്ര പുറപ്പെട്ടു.

**The Amarnath Yatra has commenced, with the first batch of 4,822 pilgrims setting out on the pilgrimage.**

5. തെക്കു - പടിഞ്ഞാറൻ കാലവർഷം മൂന്ന് ദിവസത്തിനകം ഉത്തരേന്ത്യയിലെ മറ്റിടങ്ങളിലേക്ക് വ്യാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**The IMD forecast the Southwest Monsoon is likely to advance into the remaining parts of North India within the next three days. In Keralam, a Yellow Alert has been issued today in districts of Kozhikode, Kannur and Kasaragod. Fishing has been banned along the Keralam, Lakshadweep and Karnataka coasts.**

6. യുക്രെയ്ൻ തലസ്ഥാനമായ കീവിൽ റഷ്യ നടത്തിയ ഡ്രോൺ-മിസൈൽ ആക്രമണങ്ങളിൽ 13 മരണം.

**In Ukraine, 13 people were killed and dozens of others injured after Russian drones and missiles hit residential buildings in Kyiv.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**JAPAN PM VISIT**

മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ത്യയിൽ എത്തിയ ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചിക്ക് ന്യൂഡൽഹിയിൽ ഊഷ്മള സ്വീകരണം

നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ജപ്പാൻ പ്രധാനമന്ത്രി ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിലും ഇരു നേതാക്കളും പങ്കെടുക്കും. ഇന്ത്യ - ജപ്പാൻ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി ജപ്പാൻ പ്രധാനമന്ത്രി സനായ് തകായ്ച്ചിയുമായി നടത്തുന്ന ചർച്ചകളെ ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യ - ജപ്പാൻ ഉഭയകക്ഷി സഹകരണത്തിൻറെ എല്ലാ മേഖലകളും ഇരുനേതാക്കളും അവലോകനം ചെയ്യും.

&&&&&&&&&&&&&&&&&&

## HEADLINE-2

### UN-P.HARISH (INTRO)

*ഭീകരവാദം പൂർണമായി ഇല്ലാതാക്കാൻ ഐക്യരാഷ്ട്രസഭ ആഗോളതലത്തിൽ നടപടി സ്വീകരിക്കണമെന്ന് ഇന്ത്യ. യുഎൻ പൊതുസഭയെ അഭിസംബോധന ചെയ്യവെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഭീകരതയെ ഒരു സാഹചര്യത്തിലും ന്യായീകരിക്കാൻ കഴിയില്ലെന്ന നിലപാട് ഇന്ത്യ ആവർത്തിച്ചു.*
*(വോയിസ്)*

&&&&&&&&&&&&&&&&&&

### SITHARAMAN FRANCE VISIT

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഫ്രാൻസിലെത്തി. ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തം, സാമ്പത്തിക സഹകരണം, നിക്ഷേപം, തുടങ്ങിയ വിഷയങ്ങളിൽ ഉഭയകക്ഷി ചർച്ചകളിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. ഫ്രഞ്ച് ധനമന്ത്രി റോളണ്ട് ലെസ്ക്യൂറിന്റെയും ശ്രീമതി നിർമ്മലാ സീതാരാമൻറെയും അധ്യക്ഷതയിൽ ഇന്ത്യ - ഫ്രാൻസ് സാമ്പത്തിക-ധനകാര്യ ചർച്ചയും നടക്കും.

&&&&&&&&&&&&&&&&&&

### NATIONAL E-GOVERNANCE

29-ാമത് ദേശീയ ഇ-ഗവേണൻസ് സമ്മേളനം ഇന്ന് ജയ്പ്പൂരിൽ സമാപിക്കും. കേന്ദ്ര-സംസ്ഥാന സർക്കാരുകളും മറ്റ് സംഘടനകളും നടത്തിയ പ്രവർത്തന മികവിനുള്ള ദേശീയ ഇ-ഗവേണൻസ് പുരസ്ക്കാരങ്ങൾ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് സമ്മാനിക്കും. കേന്ദ്ര-സംസ്ഥാനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ, വിദഗ്ധർ, സ്റ്റാർട്ടപ്പ്, അക്കാദമിക് മേഖലകളിലെ പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

**DELHI GOVERNMENT**

രാജ്യതലസ്ഥാനത്തെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനുള്ള ശൈത്യകാല മലിനീകരണ മാസ്റ്റർ പ്ലാൻ ഡൽഹി സർക്കാർ വിജ്ഞാപനം ചെയ്തു. എല്ലാ വർഷവും നവംബർ ഒന്ന് മുതൽ ഫെബ്രുവരി 28 വരെ പ്രാബല്യത്തിൽ വരുന്ന സ്ഥിരം മാസ്റ്റർ പ്ലാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾക്ക് ഡൽഹിയിലെ പെട്രോൾ പമ്പുകളിലും സി.എൻ.ജി, എൽ.പി.ജി, ഇന്ധന സ്റ്റേഷനുകളിലും വർഷം മുഴുവൻ ഇന്ധനം നൽകില്ല. എന്നാൽ, സി.എൻ.ജി. വാഹനങ്ങൾ, ആംബുലൻസുകൾ, അഗ്നിരക്ഷാസേന, മറ്റ് അവശ്യസേവനങ്ങൾ എന്നിവയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

**VIKRAM MISRI**

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ സേവന കാലാവധി ഒരു വർഷം കൂടി നീട്ടി നൽകി കേന്ദ്ര സർക്കാർ. അടുത്ത വർഷം ജൂലൈ 14 വരെയാണ് കാലാവധി നീട്ടി നൽകിയത്. 2024 ജൂലൈ 15 നാണ് അദ്ദേഹം വിദേശകാര്യ സെക്രട്ടറിയായി ചുമതലയേറ്റത്.

&&&&&&&&&&&&&&&&&

**PIB-FACT CHECK_**

മുൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി രാജിവെച്ചെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പാകിസ്ഥാൻ പ്രചരിപ്പിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ജനറൽ ദ്വിവേദിയുടെ രാജിയെ തുടർന്ന്

ജനറൽ ധീരജ് സേത്തിന് പദവി കൈമാറിയെന്നാണ് വ്യാജ വീഡിയോയിൽ പ്രചരിപ്പിക്കുന്നത്. നാല് പതിറ്റാണ്ടിലേറെയുള്ള സേവനത്തിനുശേഷം ജനറൽ ദ്വിവേദി വിരമിക്കുകയായിരുന്നുവെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&

## HEADLINE-3

### EPFO-INTEREST RATES

2025-26 സാമ്പത്തിക വർഷത്തേക്കുള്ള എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് നിക്ഷേപങ്ങളുടെ പലിശ നിരക്ക് 8.25 ശതമാനമായി നിശ്ചയിച്ച് ഇപിഎഫ്ഒ വിജ്ഞാപനം പുറപ്പെടുവിച്ചു. തൊഴിൽ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്നാണ് 1952-ലെ ഇ.പി.എഫ് പദ്ധതി പ്രകാരമുള്ള പുതിയ നിരക്കുകൾ കൊണ്ടു വന്നത്. അംഗങ്ങളുടെ ഇ.പി.എഫ് അക്കൗണ്ടുകളിലേക്ക് അംഗീകൃത പലിശ ലഭ്യമാക്കാൻ റീജിയണൽ, സോണൽ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE-4

### J K - AMARNATH

അമർനാഥ് തീർത്ഥാടനത്തിനുള്ള ആദ്യ സംഘം യാത്ര പുറപ്പെട്ടു. 4,822 തീർത്ഥാടകരാണ് ആദ്യ ബാച്ചിൽ ഉൾപ്പെട്ടിരിക്കുന്നത്. ഭഗവതി നഗർ യാത്രി നിവാസ് ബേസ് ക്യാമ്പിൽ യാത്രയുടെ ഫ്ലാഗ് ഓഫ് ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ നിർവ്വഹിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തീർത്ഥാടകർ അമർനാഥ് യാത്രയിൽ പങ്കെടുക്കുന്നതിനായി ജമ്മുവിലേക്ക് എത്തി കൊണ്ടിരിക്കുകയാണ്. തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ജമ്മു ഭരണകൂടം സ്വീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

### ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**CENSUS**

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

&&&&&&&&&&&&&&&&&

**THIRUVANCHOOR RADHAKRISHNAN**

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അറിഞ്ഞ് വേണം വിഴിഞ്ഞം തുറമുഖത്തിൻറെ ഓഹരി വിൽപ്പന നടത്തേണ്ടതെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. സർക്കാരിന് ഇത് സംബന്ധിച്ചുള്ള കത്ത് ലഭിച്ചിട്ടില്ല എന്നാണ് മുഖ്യമന്ത്രി സഭയിൽ അറിയിച്ചത്. സംസ്ഥാന സർക്കാർ കൂടി അറിയാതെ വിഴിഞ്ഞത്തിന്റെ ഓഹരികൾ കൈമാറുന്നത് ശരിയല്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&

**HEADLINE-5A**

**RAIN KERALAM**

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെയും, കർണാടക തീരത്ത് ഞായറാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&

**HEADLINE-5**

**IMD- MONSOON**

തെക്കു - പടിഞ്ഞാറൻ കാലവർഷം മൂന്ന് ദിവസത്തിനകം ഉത്തരേന്ത്യയിലെ മറ്റ് ഇടങ്ങളിലേക്ക് വ്യാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹി, ഗുജറാത്ത് , ഉത്തർപ്രദേശ് , മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ്, രാജസ്ഥാനിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇതിനകം ശക്തമായ മഴ ലഭിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**RUSSIA-UKRAINE ATTACK**

യുക്രൈൻ തലസ്ഥാനമായ കീവിൽ റഷ്യ നടത്തിയ ഡ്രോൺ-മിസൈൽ ആക്രമണങ്ങളിൽ 13 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. തുടർച്ചയായി ജനവാസ മേഖലകളെ ലക്ഷ്യമിട്ട് റഷ്യ നടത്തിയ രാത്രികാല ആക്രമണങ്ങളിലാണ് ഈ നാശനഷ്ടമുണ്ടായത്. ആക്രമണ മുന്നറിയിപ്പിനെ തുടർന്ന് നഗരത്തിലുടനീളം സൈറണുകൾ മുഴങ്ങിയതോടെ പ്രദേശ വാസികൾ മെട്രോ സ്റ്റേഷനുകളിൽ അഭയം പ്രാപിച്ചു.

&&&&&&&&&&&&&&&&&&

**FIFA**

ഫിഫ ലോകകപ്പ് നോക്ഔട്ട് മത്സരത്തിൽ ഇന്ന് രാത്രി 12.30 നുള്ള മത്സരത്തിൽ സ്പെയിൻ ആസ്ട്രിയയെ നേരിടും. ഗ്രൂപ്പ് ഘട്ടത്തിൽ ഒരു ഗോൾ പോലും വഴങ്ങാതെ അപരാജിതരായി ഗ്രൂപ്പ് ചാമ്പ്യന്മാരായാണ് സ്പെയിൻ നോക്ഔട്ടിലേക്ക് പ്രവേശിച്ചത്. രാവിലെ 4.30 നുള്ള മത്സരത്തിൽ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ പോർച്ചുഗൽ ലൂക്കാ മോഡ്രിച്ചിന്റെ ക്രോയേഷ്യയെ നേരിടും. ഇന്ന് രാവിലെ നടന്ന കളിയിൽ അമേരിക്ക ഏകപക്ഷീയമായ രണ്ട് ഗോളിന് ബോസ്നിയയെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ സെനഗലിനെ രണ്ടിനെതിരെ മൂന്നു ഗോളിന് ബെൽജിയും തോൽപ്പിച്ചു.

&&&&&&&&&&&&&&&&&&

**INDIA ENGLAND - CRICKET**

ഇന്ത്യ- ഇംഗ്ലണ്ട് അന്താരാഷ്ട്ര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം മഴമൂലം ഉപേക്ഷിച്ചു. ആദ്യം ബാറ്റ്ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 189 റൺസ് നേടി യെങ്കിലും, മഴ മൂലം മത്സരം തടസ്സപ്പെട്ടതിനാൽ ആതിഥേയരായ ഇംഗ്ലണ്ടിന് ബാറ്റ് ചെയ്യാൻ അവസരം ലഭിച്ചില്ല. അഞ്ച് മത്സര പരമ്പരയിലെ രണ്ടാമത്തെ മത്സരം ശനിയാഴ്ച മാഞ്ചസ്റ്ററിൽ നടക്കും.

&&&&&&&&&&&&&&&&&&

## WOMEN T-20

വനിതാ 20-20 ക്രിക്കറ്റ് ലോകകപ്പ്, രണ്ടാം സെമിഫൈനലിൽ ഇംഗ്ലണ്ട് ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. രാത്രി 11 മണിക്ക് മത്സരം ആരംഭിക്കും. ഈ മത്സരത്തിൽ വിജയിക്കുന്ന ടീം വരുന്ന ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഓസ്ട്രേലിയയെ നേരിടും.

&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 267 പോയിന്റ് ഉയർന്ന് 77,160 ലും നിഫ്റ്റി 73 പോയിന്റ് നേട്ടത്തിൽ 24,079 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ ഇന്ന് രാവിലെ വർധനയുണ്ടായെങ്കിലും പിന്നീട് വിലയിൽ ഇടിവ് രേഖപ്പെടുത്തി. രാവിലെ പവന് 1,680 രൂപ കൂടി 1 ലക്ഷത്തി 6,000 രൂപയായിരുന്നു ഇന്നത്തെ സ്വർണവില. എന്നാൽ, 10 മണിയോടെ പവന് 560 രൂപ താഴ്ന്ന് 1 ലക്ഷത്തി 5,440 രൂപയായി. ഒരു ഗ്രാം സ്വർണത്തിന് 13,180 രൂപയാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## DELHI POLICE

ഡൽഹി പൊലീസിന്റെ സ്പെഷ്യൽ സെൽ നടത്തിയ പരിശോധനയിൽ പാകിസ്ഥാൻ ചാരസംഘടനയായ ഐഎസ്ഐയുമായി ബന്ധമുള്ള നാല് പേർ അറസ്റ്റിലായി. ദേശീയ തലസ്ഥാനത്ത് വൻ തോതിലുള്ള ഭീകരാക്രമണങ്ങൾ നടത്താൻ പ്രതികൾ പദ്ധതിയിട്ടിരുന്നതായി പോലീസ് വ്യക്തമാക്കി. രഹസ്യ വിവരത്തിന്റെ

അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ വിദേശനിർമ്മിത ആയുധങ്ങളും മൊബൈൽ ഫോണുകളും പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&&

## ASSAM FLOOD

വെള്ളപ്പൊക്കം നാശം വിതച്ച അസമിന് എല്ലാ വിധ പിന്തുണയും ഉറപ്പാക്കി കേന്ദ്ര സർക്കാർ. കേന്ദ്ര മന്ത്രിമാരായ ശിവരാജ് സിങ് ചൗഹാൻ, കിരൺ റിജിജു തുടങ്ങിയവർ സ്ഥിതിഗതികൾ വിലയിരുത്തി. 13 ജില്ലകളിലാണ് വെള്ളപ്പൊക്കം ഏറെ നാശം വിതച്ചത്. 72,000 ത്തിലധികം ജനങ്ങളെയാണ് വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ബാധിച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&